ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ആലപ്പുഴ മെഡിക്കൽ കോളേജിൽ പി.ജി. സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകളുണ്ടെങ്കിൽ, അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സെപ്റ്റംബർ മാസത്തോടുകൂടി ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുന്നതാണ്.

(25) ജൂനിയർ അഭിഭാഷകർക്ക് ധനസഹായം

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, കേരളത്തിലെ ജൂനിയർ അഭിഭാഷകർക്ക് പ്രാക്ടീസിന്റെ ആരംഭകാലത്ത് സാമ്പത്തികമായി വളരെയധികം കഷ്ടതകൾ അനുഭവിക്കേണ്ടി വരുന്നുണ്ട്. ഇവരെ സാമ്പത്തികമായി സഹായിക്കാൻ എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, ജൂനിയർ അഭിഭാഷകർ എൻറോൾ ചെയ്ത് രണ്ടു വർഷംവരെ അവർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നതിനെപ്പറ്റി സർക്കാർ ആലോചിക്കുന്നതാണ്. ബാർ കൗൺസിലുമായി ചർച്ച ചെയ്ത് ഒരു സ്കീം തയ്യാറാക്കാൻ ശ്രമിക്കുന്നതാണ്.

(26) കൊച്ചി നഗരത്തിലെ മാലിന്യങ്ങൾ

ശ്രീ. കെ. ബാബു: സർ, കൊച്ചിൻ കോർപ്പറേഷനിലെ ചപ്പുചവറുകളും മാലിന്യങ്ങളും സ്ലോട്ടർ ഹൗസുകളിലെ വേസ്റ്റുകളും തൊട്ടടുത്തുള്ള ചേരാനല്ലൂർ പഞ്ചായത്തിലെ ചിറ്റൂരിൽ അനധികൃതമായി നിക്ഷേപിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനെതിരായി ജനകീയ പ്രക്ഷോഭം നടക്കുകയാണ്. ഇക്കാര്യത്തിൽ ഒരു പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, കൊച്ചി നഗരസഭയിലേയും ചേരാനല്ലൂർ പഞ്ചായത്തിലേയും പ്രശ്നങ്ങൾ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(27) തലസ്ഥാന നഗരിയിലെ ക്രമസമാധാനപാലനം

ശ്രീ. കെ. മോഹൻ കുമാർ: സർ, തലസ്ഥാന നഗരിയിലെ ക്രമസമാധാന പാലനവും കുറ്റാന്വേഷണവും ഫലപ്രദമാക്കാൻ കൂടുതൽ പോലീസ് സേനയെ നിയോഗിക്കണമെന്നും കമ്മീഷണറേറ്റ് ഓഫ് പോലീസ് അനുവദിക്കണമെന്നും നാലാഞ്ചിറ, ശ്രീകാര്യം തുടങ്ങിയ പ്രദേശങ്ങളിൽ പുതിയ പോലീസ് സ്റ്റേഷനുകളും. മെഡിക്കൽ കോളേജ് കേന്ദ്രമാക്കി പുതിയ എ.സി. ഓഫീസും അനുവദിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും കൂടി ഒന്നിച്ചൊരു മറുപടി പറയാൻ എനിക്കു പ്രയാസമുണ്ട്. തലസ്ഥാന നഗരത്തിലെ ക്രമസമാധാനപാലനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ ചെയ്യാമോ അതൊക്കെ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly